**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ നാലാം നൂറുദിന കർമ്മപരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നാലാം നൂറ് ദിന പരിപാടിയുടെ ഭാഗമായി സഹകരണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നാലാം നൂറ് ദിന പരിപാടിയുടെ ഭാഗമായി സഹകരണ മേഖലയിൽ 14 പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതികളിൽ 4 പദ്ധതികൾ നാളിതുവരെ പൂർത്തിയായിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരണം ചുവടെ ചേർക്കുന്നു.<br><br>1. **അക്ഷര മ്യൂസിയം**<br>അക്ഷരനഗരിയായ കോട്ടയത്തെ അക്ഷര ടൂറിസം ഹബ്ബായി മാറ്റുന്ന പദ്ധതിയാണിത്. അക്ഷരമ്യൂസിയം പദ്ധതിയുടെ ഒന്നാം ഘട്ടം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br>2. **ഔഷധ കേന്ദ്രം – മറ്റത്തൂർ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം**<br>ഔഷധ കേന്ദ്രം – മറ്റത്തൂർ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം പദ്ധതി നടപ്പിലാക്കുന്നതിനായി 12000 സ്ക്വയർ ഫീറ്റ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br>3. **കേപ്പ് കോളേജ് ഓഫ് നഴ്സിംഗ്, ആലപ്പുഴ**<br>കേപ്പിന്റെ നിയന്ത്രണത്തിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ നഴ്സിംഗ് കോളേജ് പ്രവർത്തനം ആരംഭിച്ച് അധ്യായനത്തിനു തുടക്കമിട്ടു.<br>4. **സഹകരണ മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ Online platform-ൽ ലഭ്യമാക്കുന്ന പദ്ധതി**<br>സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ "കോപ്പ് കേരള" ബ്രാന്റിങ്ങോടെ അവതരിപ്പിക്കുന്നതിനും online platform - ൽ |

ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി. ടി പദ്ധതിയുടെ ഭാഗമായി 20 -ഓളം ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. ടി പദ്ധതി പൂർത്തിയായിട്ടുണ്ട്.

**ബാക്കിയുള്ള പദ്ധതികളുടെ തൽസ്ഥിതി വിവരണം ചുവടെ ചേർക്കുന്നു.**

1. **DREAMS സഹകരണ മാൾ**

   കൊല്ലം ജില്ലയിൽ ദേശിംഗനാട് റാപ്പിഡ് ഡെവലപ്പ്മെന്റ്& അസിസ്റ്റൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഡ്രീംസ് സഹകരണമാൾ നിർമ്മാണം പൂർത്തികരിച്ചു വരുന്നു.

2. **കോഴിക്കോട് സഹകരണ ഭവൻ നിർമ്മാണോദ്ഘാടനം**

   കോഴിക്കോട് സഹകരണ സമുച്ചയത്തിന്റെ നിർമ്മാണോദ്ഘാടനം ഒക്ടോബർ മാസത്തിൽ നടത്തുന്നതാണ്.

3. **ഗിഗ് വർക്കേഴ്സ് സഹകരണ സംഘം – ഗിഗ് തൊഴിലാളികൾക്ക് ഫുഡ് പ്രോസസിംഗ് യൂണീറ്റ്, റസ്റ്റിംഗ് സ്റ്റേഷൻ**

   നിലവിൽ കൊല്ലം ,കൊട്ടിയം കൊട്ടാരക്കര എന്നിവിടങ്ങളിലായി ഗിഗ് വർക്കേഴ്സിന് 3 റിഫ്രഷ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുവാൻ വേണ്ടി സജ്ജമായിട്ടുണ്ട്. ഓൺ ലൈൻ പ്ലാറ്റ്ഫോം വഴി ഉൽപ്പന്നങ്ങൾ എത്തിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

4. **മെറ്റീരിയൽ ബാങ്ക്**

   കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ ബ്രാൻഡിൽ മെറ്റീരിയൽ ബാങ്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള സ്ഥലം കോഴിക്കോട് ജില്ലയിലെ വെള്ളിയൂരിൽ കണ്ടെത്തി പ്രവർത്തനം പുരോഗമിക്കുന്നു.

5. **സഹകരണ ആശ്വാസ്-കെയർ ഹോം പദ്ധതി**

   കുവൈറ്റിലെ ലേബർ ക്യാമ്പ് കെട്ടിടത്തിൽ 2024 ജൂൺ മാസത്തിൽ ഉണ്ടായ തീപിടുത്തത്തിൽ മരണപ്പെട്ട മലയാളികളുടെ കുടുംബങ്ങൾക്കും സമാനമായ ദുരന്തങ്ങളിൽപ്പെട്ടവർക്കും സഹകരണ വകുപ്പ് മുഖേന അർഹതയുള്ളവർക്കു വീട് വെച്ചു നൽകുന്ന പദ്ധതിയാണ്

- **ഫ്ലാറ്റ് സമുച്ചയം**

  കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ വില്ലേജിൽ പ്രളയബാധിതരായ 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

6. **<u>സഹകരണ എക്സ്പോ – 2024</u>**

   ഡിസംബർ അവസാന വാരത്തിലോ ജനുവരി 2025 ആദ്യ വാരത്തിലോ നടത്തുന്നതിനും ആയതിന്റെ ലോഗോ പ്രകാശനം നാലാം നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7. **<u>സഹകരണ റിസോർട്ട് – പീരുമേട് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം ഐ.273.</u>**

   തേക്കടിയിലുള്ള പീരുമേട് സഹകരണ കാർഷിക ഗ്രാമ വികസനബാങ്കിന് സ്വന്തമായുള്ള സ്ഥലത്ത് അത്യാധുനിക സൗകര്യങ്ങളോട് കൂടിയ റിസോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലേയ്ക്ക് എത്തിയിയിട്ടുണ്ട്.

8. **<u>സഹകരണ വ്യവസായ പാർക്ക്.</u>**

   കാസർഗോഡ് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷനൽ സൊസൈറ്റിയുടെ കീഴിൽ വ്യവസായ പാർക്ക് ആരംഭിക്കുന്ന പദ്ധതിയാണിത്. പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

9. **<u>സഹകണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ - പുന: നിർണ്ണ പദ്ധതി</u>**

   ദീർഘകാലമായി സഹകരണ സംഘങ്ങളെ ക്ലാസിഫിക്കേഷൻ നടത്താത്തതുമൂലം മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിയാതിരുന്ന സാഹചര്യം പരിഗണിച്ച് കേരളത്തിലെ സഹകരണ സംഘങ്ങളെ അവയുടെ സ്വഭാവത്തിന്റെയും നിലവിലെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ ക്ലാസിഫൈ ചെയ്യുന്ന പദ്ധതിയാണിത്. പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

10. **<u>സഹകരണം – സുതാര്യം – ടി.വി പ്രോഗ്രാം.</u>**

    സഹകരണ മേഖലയുടെ നേട്ടങ്ങളും വിജയഗാഥകളും ജനങ്ങളിൽ എത്തിക്കുക, കൂടാതെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ജനങ്ങളുടെ സംശയങ്ങളും

| | | | |
|---|---|---|---|
| | | | ആശങ്കകളും ദൂരീകരിക്കുക എന്നിവയ്ക്കായി മുൻനിര ടി വി ചാനലുകളിലൂടെ പ്രചരണ പരിപാടി സംഘടിപ്പിക്കുന്ന പദ്ധതി. ടി പദ്ധതിയുടെ ഭാഗമായി ടി.വി പ്രോഗ്രാം തയ്യാറാക്കി ടെലികാസ്റ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി അക്ഷര നഗരിയായ കോട്ടയത്തെ അക്ഷര ടൂറിസം ഹബ്ബാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. അക്ഷരം, എഴുത്ത് രൂപങ്ങൾ, വിവിധ ഭാഷാവ്യവഹാരങ്ങൾ എന്നിവയെക്കുറിച്ചുള്ള സമ്പൂർണ്ണ മ്യൂസിയം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതതയിൽ കോട്ടയം നാട്ടകത്ത് നിർമ്മിക്കുന്ന പദ്ധതിയാണിത്. നാലു ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന അക്ഷര മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം, നാലാം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീക്കരിക്കാൻ ലക്ഷ്യമിടുന്നു.<br><br>അക്ഷര-ഭാഷാ, സാഹിത്യ-സാംസ്കാരിക മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. 5500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ലേറ്റീവ് ബ്ലോക്കും 11000 അടി വിസ്തീർണ്ണമുള്ള മ്യൂസിയം ബ്ലോക്കുമാണ് നിർമ്മിച്ചിട്ടുള്ളത്. ഭാഷയുടെ ഉത്പത്തി വിവരിക്കുന്ന 360 പ്രൊജക്ഷൻ റൂമിൽ ആറ് പ്രൊജക്ടറുകൾ സ്ഥാപിക്കുകയും അഞ്ച് മിനിട്ട് ദൈർഘ്യമുള്ള 3D ആനിമേഷൻ ചിത്രം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. "മൊഴിയിൽനിന്ന് വരയിലേക്ക് "എന്ന ഒന്നാം ഗ്യാലറിയിലും" വരയിൽനിന്ന് ലിപിയിലേക്ക് "എന്ന രണ്ടാം ഗ്യാലറിയിലും "എഴുത്തിൽനിന്ന് അച്ചടിയിലേക്ക് "എന്ന മൂന്നാം ഗ്യാലറിയിലും "അച്ചടിയും പ്രസാധനവും സഹകരണ സംഘത്തിലൂടെ" എന്ന നാലാം ഗ്യാലറിയിലും പ്രദർശനവസ്തുക്കൾ പൂർണ്ണമായും വിന്യസിച്ചിട്ടുണ്ട്. നാല് ഗ്യാലറികളിലുമായുള്ള 33 ഡിജിറ്റൽ ബോർഡുകളിൽ കണ്ടന്റുകൾ പൂർണ്ണമായും അപ്ലോഡ് ചെയതു കഴിഞ്ഞു. 60 പേർക്ക് ഇരിക്കാവുന്ന ആധുനിക തീയേറ്ററും മ്യൂസിയത്തോടൊപ്പം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. അക്ഷര മ്യൂസിയം പദ്ധതിയുടെ ഒന്നാം ഘട്ടം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (സി) | നാലാം നൂറ് ദിന പരിപാടിയുടെ ഭാഗമായി ഗിഗ് വർക്കേഴ്സിന് ഗുണകരമായ പദ്ധതികൾ സഹകരണ വകുപ്പ് മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | സർക്കാരിന്റെ നാലാം നൂറ് ദിന പരിപാടിയുടെ ഭാഗമായി ഗിഗ് വർക്കേഴ്സിന് ഫുഡ് പ്രോസസിംഗ് യൂണിറ്റ്, റസ്റ്റിംഗ് സ്റ്റേഷൻ/ റിഫ്രഷ്മെന്റ് സെന്റർ എന്നിവ ആരംഭിക്കുന്നുണ്ട്.<br><br>കേരള സ്റ്റേറ്റ് ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ്&ഗിഗ് വർക്കേഴ്സ് വെൽഫയർ |

| | | | |
|---|---|---|---|
| | | | ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511 മുഖാന്തിരം കൊല്ലം ജില്ലിയിലെ ഗിഗ് വർക്കർമാർക്കും ഷോപ്പ് തൊഴിലാളികൾക്കും പ്രയോജനകരമായ രീതിയിൽ ഒരു ഫുഡ് പ്രോസസിംഗ് യൂണിറ്റ്, റിഫ്രഷ്മെന്റ് സെന്റർ ആരംഭിക്കുന്ന പദ്ധതി .<br><br>നിലവിൽ കൊല്ലം, കൊട്ടിയം കൊട്ടാരക്കര എന്നിവിടങ്ങളിലായി ഗിഗ് വർക്കേഴ്സിന് 3 റിഫ്രഷ്മെന്റ് സെന്റർ പ്രവർത്തന സജ്ജമായിട്ടുണ്ട്. |
| (ഡി) | സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | കാസറഗോഡ് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷനൽ സൊസൈറ്റിയുടെ കീഴിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുവാൻ നാലാം നൂറ് ദിന പദ്ധതിയിലൂടെ ലക്ഷ്യ മിടുന്നു. വ്യവസായ വകുപ്പിന്റെ അംഗീകാരം തേടി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് പദ്ധതി പ്രാവർത്തികമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ